എ.വൈ.ആർ

# സൂറ – 28 / അൽ ഖസ്വസ്വ്

### സൂക്തം: 47 – 49

ഖുർആൻ തൗറാത്തിനെ തള്ളിപ്പറയുന്നില്ല; മറിച്ച് സത്യപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന കാര്യം ശ്രദ്ധേയമാകുന്നു. ഖുർആൻ തള്ളിപ്പറയുന്നത് തൗറാത്തിലെ തിരുത്തലുകളെയും കൂട്ടിച്ചേർക്കലുകളെയും മായ്ച്ചുകളയലുകളെയുമാകുന്നു. ഖുർആനിൽ മാത്രമേ സന്മാർഗപാഠങ്ങളുള്ളൂ എന്നും ഖുർആൻ അവകാശപ്പെടുന്നില്ല. കൂടുതൽ സന്മാർഗദായകവും ആധികാരികവുമായ വേദം എന്നാണത് അവകാശപ്പെടുന്നത്.



وَلَوْلَا أَن تُصِيبَهُم مُّصِيبَةٌ بِمَا قَدَّمَتْ أَيْدِيهِمْ فَيَقُولُوا رَبَّنَا لَوْلَا أَرْسَلْتَ إِلَيْنَا رَسُولًا فَنَتَّبِعَ آيَاتِكَ وَنَكُونَ مِنَ الْمُؤْمِنِينَ ﴿٤٧﴾

47. പ്രവാചക നിയോഗമുണ്ടായില്ലെങ്കിൽ മനുഷ്യർ ചെയ്തുകൂട്ടിയ അധർമങ്ങളുടെ ഫലമായി ആപത്തണയുമ്പോൾ അവർ പറയും: 'നാഥാ, നീ ഞങ്ങളിലേക്ക് ഒരു ദൂതനെ അയക്കാതിരുന്നതെന്തുകൊണ്ട്? ദൂതനെ അയച്ചിരുന്നുവെങ്കിൽ ഞങ്ങൾ നിന്റെ ധർമസൂക്തങ്ങളെ പിൻപറ്റുകയും സത്യ-ധർമങ്ങളിൽ വിശ്വസിക്കുന്നവരാവുകയും ചെയ്യുമായിരുന്നുവല്ലോ' എന്ന്.

**47**

وَلَوْلَا = (പ്രവാചക നിയോഗം) ഉണ്ടായില്ലെങ്കിൽ أَن تُصِيبَهُم مُّصِيبَةٌ = അവരെ ആപത്ത് ബാധിക്കൽ (ആപത്തണയുമ്പോൾ)

بِمَا قَدَّمَتْ أَيْدِيهِمْ = അവരുടെ കരങ്ങൾ മുന്തിച്ചതുകൊണ്ട് (ജനം ചെയ്തുകൂട്ടിയ അധർമങ്ങളുടെ ഫലമായി)

فَيَقُولُوا = അപ്പോൾ അവർ പറയും رَبَّنَا = ഞങ്ങളുടെ നാഥാ

لَوْلَا أَرْسَلْتَ إِلَيْنَا = നീ ഞങ്ങളിലേക്ക് അയക്കാതിരുന്നത് എന്തുകൊണ്ട് رَسُولًا = ഒരു (ദൈവ) ദൂതനെ

فَنَتَّبِعَ = (ദൂതനെ അയച്ചിരുന്നുവെങ്കിൽ) ഞങ്ങൾ പിൻപറ്റു(കയും)മായിരുന്നു

آيَاتِكَ = നിന്റെ (ധർമ)സൂക്തങ്ങളെ وَنَكُونَ = ഞങ്ങൾ ആവു(കയും ചെയ്യു)മായിരുന്നുവല്ലോ

مِنَ الْمُؤْمِنِينَ = സത്യധർമങ്ങളിൽ വിശ്വസിക്കുന്നവ(ർ)രിൽ പെട്ടവർ

മുൻസൂക്തങ്ങളുടെ ഒരനുബന്ധവും പൂരകവുമാണീ സൂക്തം. ഇതിലെ ആദ്യത്തെ لَوْلَا 'ഇല്ലായിരുന്നുവെങ്കിൽ' എന്ന അർഥത്തിലും രണ്ടാമത്തേത് 'എന്തുകൊണ്ടില്ല' എന്ന അർഥത്തിലുമാണ് ഉപയോഗിച്ചിരിക്കുന്നത്. ആദ്യത്തെ لَوْلَا-ക്കുശേഷം ഒരുവാക്ക് അനുക്തമായിട്ടുണ്ട്. അത് لَوْلَا إرسال المرسلين - പ്രവാചക നിയോഗം ഇല്ലായിരുന്നുവെങ്കിൽ- എന്നാവാം. ജനത്തിന്റെ അനാചാരങ്ങളുടെയും അധർമങ്ങളുടെയും ഫലമായി ആപത്തണയുകയും അപ്പോൾ നാഥാ, നീ ഞങ്ങളിലേക്ക് ഒരു ദൈവദൂതനെ അയക്കാതിരുന്നതെന്തുകൊണ്ട്, ദൈവദൂതനെ അയച്ചിരുന്നുവെങ്കിൽ ഞങ്ങൾ നിന്റെ സൂക്തങ്ങൾ പിൻപറ്റി സത്യവിശ്വാസികളും സന്മാർഗികളുമാകുമായിരുന്നുവല്ലോ എന്ന് അവർ പറയുമായിരുന്നു. പ്രവാചക നിയോഗമില്ലാത്ത സമൂഹങ്ങൾ വഴിതെറ്റുന്നതിന് ന്യായമുണ്ട്. സത്യമെന്തെന്നും സന്മാർഗമെന്തെന്നും അവരെ ആരും പഠിപ്പിച്ചില്ല എന്നതുതന്നെയാണ് ആ ന്യായം. പക്ഷേ, ഒരു ജനതയുടെ ജീവിതം അസത്യത്തിന്റെയും അധർമത്തിന്റെയും പരമകാഷ്ഠയിലെത്തിയാൽ ആ ജനത നശിച്ചുപോവുക അനിവാര്യമാണ്. മഹാനാശം വന്നുഭവിക്കുമ്പോൾ തങ്ങളുടെ അധാർമിക ജീവിതത്തിന്റെ തിക്തഫലമാണെന്ന് അവർ തിരിച്ചറിയും. അപ്പോൾ ദൈവത്തോട് ആവലാതിപ്പെടും; പടച്ചവനേ, ഞങ്ങൾ അജ്ഞരും അവിവേകികളുമായിപ്പോയി. ഞങ്ങളെ ജ്ഞാനത്തിലേക്കും വിവേകത്തിലേക്കും നയിക്കാൻ ഒരു ദൈവദൂതൻ ഉണ്ടായില്ല. അതിനാൽ ഞങ്ങളിൽ അധർമങ്ങളും അനാചാരങ്ങളും നിരങ്കുശം വളർന്ന് ഒടുവിൽ സർവനാശത്തിലെത്തിയിരിക്കുകയാണ്. ജനം ഇങ്ങനെ ദൈവത്തോട് ആവലാതിപ്പെടാൻ

അവസരമില്ലാതിരിക്കുന്നതിനു വേണ്ടിയാണ് ദൈവം ഇടക്കിടെ തന്റെ ദൂതന്മാരെ നിയോഗിക്കുന്നത്. ഈ ആശയം നേരത്തേ പല വചനങ്ങളിൽ പ്രകാശിപ്പിച്ചിട്ടുണ്ട്. *അന്നിസാഅ്* 165-ാം സൂക്തം പറയുന്നു:

رُّسُلًا مُّبَشِّرِينَ وَمُنذِرِينَ لِئَلَّا يَكُونَ لِلنَّاسِ عَلَى اللَّهِ حُجَّةٌ بَعْدَ الرُّسُلِ ۚ وَكَانَ اللَّهُ عَزِيزًا حَكِيمًا ﴿١٦٥﴾

(പൂർവ പ്രവാചകന്മാരൊക്കെയും ജനങ്ങൾക്ക് സുവിശേഷവും താക്കീതും നൽകുന്ന ദൈവദൂതന്മാരായിരുന്നു. അവരുടെ ആഗമനത്തിനു ശേഷം ജനത്തിന് അല്ലാഹുവിനെതിരിൽ ന്യായമില്ലാതിരിക്കുന്നതിനത്രെ അവർ അയക്കപ്പെട്ടത്. അല്ലാഹു അജയ്യനും അഭിജ്ഞനുമല്ലോ). *അൽ അൻആം* 156,157 സൂക്തങ്ങൾ പറയുന്നു:

أَن تَقُولُوا إِنَّمَا أُنزِلَ الْكِتَابُ عَلَىٰ طَائِفَتَيْنِ مِن قَبْلِنَا وَإِن كُنَّا عَن دِرَاسَتِهِمْ لَغَافِلِينَ ﴿١٥٦﴾ أَوْ تَقُولُوا لَوْ أَنَّا أُنزِلَ عَلَيْنَا الْكِتَابُ لَكُنَّا أَهْدَىٰ مِنْهُمْ ۚ فَقَدْ جَاءَكُم بَيِّنَةٌ مِّن رَّبِّكُمْ وَهُدًى وَرَحْمَةٌ

(ഞങ്ങൾക്കു മുമ്പുണ്ടായിരുന്ന രണ്ടു കൂട്ടർക്കു മാത്രമായിരുന്നു വേദം അവതരിപ്പിച്ചത്. അവരുടെ പാഠത്തെ കുറിച്ചാവട്ടെ ഞങ്ങൾക്ക് യാതൊരു ധാരണയുമില്ലായിരുന്നു എന്ന് നിങ്ങൾ പറയാതിരിക്കാൻ. അല്ലെങ്കിൽ വേദമവതരിപ്പിച്ചത് ഞങ്ങൾക്കായിരുന്നുവെങ്കിൽ ഞങ്ങൾ അവരേക്കാൾ മികച്ച സന്മാർഗസ്ഥരാകുമായിരുന്നു എന്നു പറയാതിരിക്കാൻ. ഇപ്പോഴിതാ വിധാതാവിങ്കൽനിന്നുള്ള വ്യക്തമായ ന്യായപ്രമാണവും സന്മാർഗദർശനവും കാരുണ്യവും നിങ്ങൾക്ക് വന്നുകിട്ടിയിരിക്കുന്നു).

പ്രകൃത സൂക്തവുമായി ബന്ധപ്പെട്ട് മുഫസ്സിറുകൾ ചില താത്ത്വിക പ്രശ്നങ്ങൾ ചർച്ച ചെയ്തിരിക്കുന്നു: 1) എല്ലാ സമുദായങ്ങളിലും തലമുറകളിലും പ്രവാചകന്മാർ വന്ന് പ്രബോധനം ചെയ്യേണ്ടത് അനിവാര്യമാണോ? എല്ലാ സമുദായങ്ങളിലും തലമുറകളിലും പ്രവാചകന്മാർ നേരിട്ടു വന്നുകൊള്ളണമെന്നില്ല. അങ്ങനെ വന്നിട്ടുമില്ല. എന്നാൽ എല്ലാ സമുദായങ്ങളിലും പ്രവാചക സന്ദേശം എത്തേണ്ടത് അനിവാര്യമാകുന്നു. പണ്ടുമുതലേ എല്ലാ സമുദായങ്ങളിലും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അത് എത്തിക്കൊണ്ടിരിക്കുന്നുണ്ട്. ജനം പ്രവാചകന്മാരെ എന്നപോലെ പ്രവാചക സന്ദേശങ്ങളെയും അതു പ്രചരിപ്പിച്ചിരുന്ന പ്രബോധകരെയും തള്ളിപ്പറയുന്നതുകൊണ്ടാണ് വഴിപിഴച്ചുപോകുന്നത്. ഒരു പ്രവാചകന്റെ സന്ദേശം അദ്ദേഹത്തിന്റെ സമുദായത്തിൽനിന്ന് തീരെ മാഞ്ഞുപോകുമ്പോഴോ, ആ സമുദായത്തിനു പുതിയ രീതിയിലുള്ള ദൈവിക പാഠങ്ങൾ ആവശ്യമാകുമ്പോഴോ ആണ് പുതിയ പ്രവാചകന്മാർ ആഗതരാവുക. ഇസ്മാഈൽ നബിയുടെ പിന്മുറക്കാരായ അറബികൾ അദ്ദേഹം പഠിപ്പിച്ച ദൈവിക പാഠങ്ങൾ പൂർണമായി വിസ്മരിക്കുകയും അറബികൾ ഉൾപ്പെടെയുള്ള മുഴുവൻ മനുഷ്യകുലവും എന്നെന്നും നിലനിൽക്കുന്ന പുതിയ ദൈവിക പാഠങ്ങൾ പഠിപ്പിക്കപ്പെടാൻ പാകമാവുകയും ചെയ്ത ദശാസന്ധിയിലാണ് മുഹമ്മദ്(സ) ദൈവദൂതനായി നിയുക്തനായത്. മുഹമ്മദീയ സന്ദേശം മർത്യകുലത്തിനാകമാനമുള്ളതും അത് എക്കാലത്തും പല രൂപത്തിൽ എല്ലാ സമുദായങ്ങളിലും എത്തിക്കൊണ്ടിരിക്കുന്നതും ആയതിനാൽ ഇനി ലോകാവസാനം വരെ മറ്റൊരു പ്രവാചകാഗമനം ആവശ്യമോ പ്രസക്തമോ ആകുന്നില്ല.

2) പ്രവാചക നിയോഗം ഉണ്ടായിട്ടില്ലാത്ത സമുദായങ്ങൾ അജ്ഞതയാൽ അധർമവും അക്രമവും അനുവർത്തിച്ചതിന്റെ പേരിൽ ഇഹത്തിലും പരത്തിലും ശിക്ഷിക്കപ്പെടുമോ? ശിക്ഷിക്കപ്പെടുമെങ്കിൽ അത് ഖുർആനിന്റെ തന്നെ പ്രസ്താവനക്ക് എതിരല്ലേ? ഖുർആൻ പറയുന്നു: وَمَا كُنَّا مُعَذِّبِينَ حَتَّىٰ نَبْعَثَ رَسُولًا (ദൈവദൂതനെ നിയോഗിക്കുന്നതുവരെ നാം ആരെയും ശിക്ഷിക്കുന്നതല്ല - 17:15).

وَمَا كَانَ رَبُّكَ مُهْلِكَ الْقُرَىٰ حَتَّىٰ يَبْعَثَ فِي أُمِّهَا رَسُولًا يَتْلُو عَلَيْهِمْ آيَاتِنَا ۚ وَمَا كُنَّا مُهْلِكِي الْقُرَىٰ إِلَّا وَأَهْلُهَا ظَالِمُونَ

(നിന്റെ നാഥൻ നാടുകളെ നശിപ്പിക്കുന്നവനല്ല; നമ്മുടെ സൂക്തങ്ങൾ ചൊല്ലിക്കേൾപ്പിക്കുന്ന ദൈവദൂതനെ അവരുടെ കേന്ദ്രത്തിൽ നിയോഗിച്ചിട്ടല്ലാതെ. നാട്ടുകാർ അതിക്രമകാരികളാകുമ്പോഴല്ലാതെ നാം നാടുകളെ നശിപ്പിക്കുന്നവനായിട്ടില്ല - 28:59).

ഒരു സമൂഹത്തിൽ സംഭവിക്കുന്ന പ്രവാചക നിയോഗം ദൈവദൂതൻ ആ സമൂഹത്തിൽ നേരിട്ട് ഹാജരാവുക മാത്രമല്ല. സുവിശേഷവും താക്കീതുമാണ് പ്രവാചക ദൗത്യം. സുവിശേഷകരും-മുബശ്ശിറൂൻ മുന്നറിയിപ്പുകാരും-മുൻദിറൂൻ ആയിട്ടാണ് അവർ ആഗതരാകുന്നത്. അവരുടെ സുവിശേഷവും താക്കീതും അവരുടെ ശിഷ്യന്മാരിലൂടെയോ പിൻതലമുറകളിലൂടെയോ സംഭവിച്ചാൽ അത് പ്രവാചക സാന്നിധ്യത്തിനു തുല്യമാണ്. ഇങ്ങനെ ഏതെങ്കിലും വിധത്തിൽ പ്രവാചക പ്രാതിനിധ്യമില്ലാത്ത സമൂഹങ്ങൾ വിരളമാണ്. പ്രവാചക സന്ദേശവും ദൈവിക ധർമവും ഒട്ടും അറിയാൻ കഴിഞ്ഞിട്ടില്ലാത്ത വല്ല സമുദായവും ഉണ്ടെങ്കിൽ അവരും പൂർണമായി ഉത്തരവാദിത്തമുക്തരാകുന്നില്ല. പ്രവാചകൻ പ്രബോധനം ചെയ്ത വേദവും ശരീഅത്തും കൈക്കൊള്ളുന്നതിൽ മാത്രമേ അവർക്ക് ഒഴികഴിവുള്ളൂ. മനുഷ്യമനസ്സിൽ ജന്മനാ സത്യധർമങ്ങളെ സംബന്ധിച്ചും നന്മതിന്മകളെ സംബന്ധിച്ചുമുള്ള അന്തർബോധം അല്ലാഹു സൃഷ്ടിച്ചുവെച്ചിട്ടുണ്ട്.

وَنَفْسٍ وَمَا سَوَّاهَا ﴿٧﴾ فَأَلْهَمَهَا فُجُورَهَا وَتَقْوَاهَا ﴿٨﴾

(മനസ്സാണ, അതിനെ സന്തുലമാക്കിയവനാണ, എന്നിട്ടതിന് അധർമവും ധർമവും ബോധനം ചെയ്തവനാണ - 91: 7-9). ഇതിനു പുറമെ അല്ലാഹുവാണ് തന്റെ വിധാതാവെന്ന് ഓരോ മനുഷ്യനെക്കൊണ്ടും ജനിക്കും മുമ്പേ സമ്മതിപ്പിച്ചിട്ടുമുണ്ട് (7:172). ഈ മൗലിക ബോധങ്ങളെ സംസ്കരിച്ചു വികസിപ്പിക്കുന്നവർ സ്വന്തം ബുദ്ധികൊണ്ടും വിവേചന ശേഷി കൊണ്ടും സനാതന സത്യങ്ങളിലെത്തുകയും അതനുസരിക്കുകയും അങ്ങനെ ജീവിത സാഫല്യം നേടുകയും ചെയ്യുന്നു. ഈ ബോധത്തെ അവഗണിച്ച് അസത്യത്തിലേക്കും തിന്മകളിലേക്കുമുള്ള അഭിവാഞ്ഛകളെ വളർത്തുകയും ജഡികാസക്തികളെ മാത്രം പിന്തുടരുകയും ചെയ്യുന്നവരുടെ ജീവിതം അധമവും പരാജിതവുമാകുന്നു.

قَدْ أَفْلَحَ مَن زَكَّاهَا ﴿٩﴾ وَقَدْ خَابَ مَن دَسَّاهَا ﴿١٠﴾ -

(ധർമബോധത്തെ സംസ്കരിച്ചു വളർത്തിയവൻ വിജയിച്ചു. അതിനെ ചിവിട്ടിത്താഴ്ത്തിയവൻ പരാജിതനായി - 91: 10,11).

ഇതുസംബന്ധിച്ച് അശ്അരികളുടെ നിലപാട് ഇതാണ്: ബഹുദൈവ വിശ്വാസം സ്വീകരിക്കുന്നതിന് ആർക്കും

ഒരു ന്യായവുമില്ല. എന്തുകൊണ്ടെന്നാൽ ആദം നബിയുടെ കാലം മുതലിങ്ങോട്ടുള്ള എല്ലാ ദൈവദൂതന്മാരും പ്രബോധനം ചെയ്തിട്ടുള്ള പ്രമാണമാണ് തൗഹീദ്- ഏകദൈവത്വം. ബുദ്ധിയുള്ള ആരും അതറിയാതെ പോകാൻ കാരണമില്ല. സൂറ *അൽ അഅ്റാഫ്* 172-ാം സൂക്തം സൂചിപ്പിക്കുന്ന പ്രകാരം അല്ലാഹു മനുഷ്യപ്രകൃതിയിൽ തന്നെ നിക്ഷേപിച്ചിട്ടുള്ള കാര്യമാണത്. എങ്കിലും കാലത്തിന്റെ നിരങ്കുശമായ നീൾച്ചയിൽ ജനം അതേക്കുറിച്ച് അശ്രദ്ധരാകുന്നു. അപ്പോൾ അവരുടെ പ്രകൃതിബോധത്തെ ജ്വലിപ്പിക്കാനും പ്രകൃതി താൽപര്യപ്പെടുന്ന ജീവിത വ്യവസ്ഥകളും നിയമങ്ങളും പഠിപ്പിക്കാനും അല്ലാഹു പ്രവാചകന്മാരെ നിയോഗിക്കുന്നു. മുഹമ്മദീയ പ്രവാചകത്വത്തിനു മുമ്പ് കഴിഞ്ഞുപോയ വിഗ്രഹാരാധകർ ശിർക്കിന്റെ പേരിൽ പരലോകത്ത് ശിക്ഷാർഹരാകുന്നു. അല്ലാഹു ഉദ്ദേശിച്ചാൽ ഇഹലോകത്തും അവരെ ശിക്ഷിക്കാം. ആ ശിക്ഷ ഉന്മൂല നാശമാവുകയും ചെയ്യാം. എങ്കിലും അല്ലാഹു അവർക്ക് വീണ്ടെടുപ്പിന് അവസരം നൽകുകയാണ് ചെയ്യാറുള്ളത്. ചിലപ്പോൾ ജനം സത്യത്തിലേക്കും ധർമത്തിലേക്കും മടങ്ങുന്നതിനുവേണ്ടി അവരെ ചെറിയ ഐഹിക ശിക്ഷകൾകൊണ്ട് പരീക്ഷിക്കുകയും ചെയ്യും.

وَلَنُذِيقَنَّهُم مِّنَ الْعَذَابِ الْأَدْنَىٰ دُونَ الْعَذَابِ الْأَكْبَرِ لَعَلَّهُمْ يَرْجِعُونَ (പാരത്രിക മഹാശിക്ഷ കൂടാതെ ഐഹികമായ ചെറിയ ശിക്ഷ നാം അവരെ രുചിപ്പിച്ചുകൊണ്ടിരിക്കും. അവർ സത്യധർമങ്ങളിലേക്കു തിരിച്ചുവരാൻ - *അസ്സജദ*: 21). ഏതായാലും നാട്ടുകാർ നല്ലവരും സന്മാർഗികളുമായിരിക്കുമ്പോൾ അക്രമമായി നാടുകളെ നശിപ്പിക്കുക നിന്റെ നാഥന്റെ നടപടിയല്ല- وَمَا كَانَ رَبُّكَ لِيُهْلِكَ الْقُرَىٰ بِظُلْمٍ وَأَهْلُهَا مُصْلِحُونَ 11:117). എന്നാൽ പ്രവാചകൻ വന്ന് പ്രബോധനം ചെയ്തിട്ടും അദ്ദേഹത്തെ തള്ളിപ്പറഞ്ഞ് വിഗ്രഹാരാധനയിൽ ശഠിച്ചു നിന്നവർ ഇഹത്തിലും പരത്തിലും ശിക്ഷാർഹരാകുന്നു. മുകളിൽ ഉദ്ധരിച്ച *അസ്സജദ* 21-ാം സൂക്തം അവരെയും ഉൾക്കൊള്ളുന്നതാണ്. പ്രകൃത സൂക്തത്തെ അതിന്റെ ബാഹ്യാർഥത്തിൽ തന്നെ സ്വീകരിക്കേണ്ടതാണെന്നാണ് മുഅ്തസിലികളുടെയും മാതുരീദികളുടെയും മറ്റും വീക്ഷണം. അതായത് പ്രവാചകന്മാരുടെ പ്രബോധനം സിദ്ധിച്ച വിഗ്രഹാരാധകരും പ്രവാചക നിയോഗത്തെക്കുറിച്ചറിയാത്ത വിഗ്രഹാരാധകരും പരലോകത്ത് ഒരുപോലെ ശിക്ഷിക്കപ്പെടും. അവരുടെ ദൃഷ്ടിയിൽ ദൈവത്തിന്റെ ഏകത്വവും വിധായകത്വവും ബോധ്യപ്പെടാൻ ബുദ്ധിപരമായ ന്യായങ്ങൾ തന്നെ മതിയായ ഉപാധിയാകുന്നു. ■

---

فَلَمَّا جَاءَهُمُ الْحَقُّ مِنْ عِندِنَا قَالُوا لَوْلَا أُوتِيَ مِثْلَ مَا
أُوتِيَ مُوسَىٰ ۚ أَوَلَمْ يَكْفُرُوا بِمَا أُوتِيَ مُوسَىٰ مِن قَبْلُ ۖ قَالُوا
سِحْرَانِ تَظَاهَرَا وَقَالُوا إِنَّا بِكُلٍّ كَافِرُونَ ﴿٤٨﴾

48. എന്നാൽ നമ്മുടെ പക്കൽനിന്നുള്ള സത്യം അവർക്കു മുന്നിൽ സമാഗതമായപ്പോൾ അവർ വിമർശിക്കുകയായി; മൂസാക്കു ലഭിച്ചതുപോലുള്ള ദിവ്യാത്ഭുത സിദ്ധികൾ ഇയാൾക്കു ലഭിക്കാത്തതെന്ത്? ഇക്കൂട്ടർ നേരത്തേ മൂസാക്കു ലഭിച്ചതിനെ നിഷേധിച്ചിട്ടില്ലെന്നോ? പരസ്പരം സഹായിച്ച രണ്ടു മഹാ മന്ത്രവാദികൾ എന്നു ഘോഷിക്കുകയായിരുന്നു അവർ. എല്ലാം ഞങ്ങൾ നിഷേധിക്കുന്നു എന്നും പ്രസ്താവിച്ചു.

**48**

فَلَمَّا جَاءَهُم = അവർക്കു വന്നപ്പോൾ (മുന്നിൽ സമാഗതമായപ്പോൾ) الْحَقُّ مِنْ عِندِنَا = നമ്മുടെ പക്കൽനിന്നുള്ള സത്യം

قَالُوا = അവർ പറഞ്ഞു (വിമർശിക്കുകയായി) لَوْلَا أُوتِيَ = ഇയാൾക്ക് എന്തുകൊണ്ട് ലഭിച്ചില്ല

مِثْلَ مَا أُوتِيَ مُوسَىٰ = മൂസാക്ക് ലഭിച്ചതുപോലുള്ളത് (ദിവ്യാത്ഭുത സിദ്ധികൾ)

أَوَلَمْ يَكْفُرُوا = അവർ (ഇക്കൂട്ടർ) നിഷേധിച്ചിട്ടില്ലെന്നോ بِمَا أُوتِيَ مُوسَىٰ مِن قَبْلُ = നേരത്തേ മൂസാക്കു ലഭിച്ചതിനെ

قَالُوا = അവർ പറഞ്ഞു (ഘോഷിക്കുകയായിരുന്നു)

سِحْرَانِ تَظَاهَرَا = പരസ്പരം സഹായിച്ച രണ്ട് (മഹാ) മന്ത്രവാദികൾ എന്ന്

وَقَالُوا = അവർ പറഞ്ഞു, പ്രസ്താവിച്ചു إِنَّا بِكُلٍّ كَافِرُونَ = എല്ലാം നിഷേധിക്കുന്ന(ു)വരാകുന്നു ഞങ്ങൾ

മുൻ സൂക്തങ്ങൾ മൂസാ(അ)യുടെ പ്രവാചകത്വ ലബ്ധിയുടെ ചരിത്രം അനുസ്മരിച്ചുകൊണ്ട് അതുപോലെ ഇപ്പോൾ മുഹമ്മദ് നബിയെ ദൈവദൂതനായി നിയോഗിച്ചിരിക്കുകയാണെന്നും മനുഷ്യർ അധർമത്തിലാണ്ട് നശിച്ചുപോകാതിരിക്കാൻ അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും മോചിപ്പിച്ച് സത്യത്തിലേക്കും ധർമത്തിലേക്കും നയിക്കുകയാണ് അതിന്റെ ലക്ഷ്യമെന്നും വ്യക്തമാക്കിയല്ലോ. തങ്ങളുടെ രക്ഷക്കും സന്മാർഗത്തിനുമായി ആഗതനായ പ്രവാചകനോടും വേദത്തോടും അദ്ദേഹത്തിന്റെ സമുദായം സ്വീകരിക്കുന്ന സമീപനം ചൂണ്ടിക്കാട്ടുകയാണിനി.

മൂലത്തിലെ الْحَقُّ -ന്റെ ആശയം നേരത്തേ പലയിടത്തും വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രവാചകനും അദ്ദേഹം അവതരിപ്പിക്കുന്ന വേദ-ഖുര്‍ആന്‍-വുമാണ് ഇവിടെ ഉദ്ദേശ്യം. ഈ ദൗത്യവുമായി രംഗത്തു വന്ന പ്രവാചകനോട് അദ്ദേഹത്തിന്റെ സമുദായമായ ഖുറൈശികള്‍ ചോദിക്കുകയാണ്: 'ഓ, നീ പ്രവാചകനാണെങ്കില്‍ മൂസാ പ്രവാചകന്‍ പ്രത്യക്ഷപ്പെടുത്തിയതുപോലുള്ള ദിവ്യാത്ഭുതങ്ങളൊന്നും പ്രത്യക്ഷപ്പെടുത്താത്തതെന്തേ?' ഇതു കേട്ടാല്‍ തോന്നുക മൂസാ നബിയില്‍ വിശ്വസിക്കുന്നവരാണവരെന്ന്. വാസ്തവത്തില്‍ അവര്‍ ഒരു പ്രവാചകനിലും വിശ്വസിച്ചിരുന്നില്ല. مَا أَنزَلَ اللَّهُ عَلَىٰ بَشَرٍ مِّن شَيْءٍ (അല്ലാഹു ഒരു മനുഷ്യന്നും യാതൊന്നും അവതരിപ്പിച്ചുകൊടുത്തിട്ടില്ല- 6:91) എന്നാണ് അവരുടെ നിലപാട്. അതുകൊണ്ട് ദിവ്യാത്ഭുതങ്ങള്‍ പ്രകടമാക്കിയാലും അവര്‍ വിശ്വസിക്കുമായിരുന്നില്ല. വിശ്വസിക്കാനല്ല, വിശ്വസിക്കാതിരിക്കാനാണ് അവര്‍ ഈ വിമര്‍ശനമുന്നയിച്ചത്. മക്കയിലെ മുഹമ്മദീയ പ്രവാചകത്വത്തെ യഹൂദര്‍ നീരസത്തോടെയാണ് കണ്ടിരുന്നത്. തങ്ങള്‍ ദൈവത്തിന്റെ മക്കളും പ്രിയന്മാരുമാണെന്നും ദൈവം പ്രവാചകന്മാരെ അയക്കുന്നുവെങ്കില്‍ അത് ഇസ്രാഈല്യരില്‍നിന്നു മാത്രമായിരിക്കുമെന്നുമൊക്കെ ഊറ്റം കൊണ്ട് കഴിയുന്നവരായിരുന്നു അവര്‍. ഇസ്മാഈല്യരിലൊരാള്‍ പ്രവാചകനായി വരുന്നതോടെ ഈ മിഥ്യാ ഹുങ്കിന്റെ കാറ്റുപോകുമല്ലോ. അതുകൊണ്ട് മുഹമ്മദീയ പ്രവാചകത്വത്തെ നിഷേധിക്കാന്‍ അവര്‍ ഖുറൈശികള്‍ക്ക് പല തന്ത്രങ്ങളും ഉപദേശിച്ചുകൊണ്ടിരുന്നു. അതിലൊന്നായിരുന്നു ഈ വിമര്‍ശനം. അവര്‍ പറഞ്ഞു: ഞങ്ങളുടെ പ്രവാചകന്‍ മൂസാ ആഗതനായപ്പോള്‍ പല പല ദിവ്യാത്ഭുതങ്ങള്‍ കാണിച്ചിരുന്നു. പാമ്പായി മാറുന്ന വടി, തിളങ്ങുന്ന കരം... അങ്ങനെ പലതും മുഹമ്മദ് ഓതുന്ന ഖുര്‍ആനും സമ്മതിക്കുന്നുണ്ടല്ലോ. എന്നിട്ടെന്തേ താന്‍ അത്തരം ദിവ്യാത്ഭുതങ്ങളൊന്നും കാണിക്കാത്തതെന്ന് അയാളോട് ചോദിക്കൂ.

ഈ ചോദ്യത്തിന് ഖുര്‍ആന്റെ മറുപടി ഇതാണ്: ഓഹോ, അപ്പോള്‍, പണ്ട് മൂസാക്ക് ലഭിച്ച ദിവ്യാത്ഭുതങ്ങളെയൊന്നും നിങ്ങള്‍ നിഷേധിച്ചിട്ടില്ലെന്നോ? മൂസാ ഫറവോന്റെയും ഖിബ്ത്വികളുടെയും മുന്നില്‍ ദിവ്യാത്ഭുതങ്ങള്‍ പ്രകടിപ്പിച്ചപ്പോള്‍ അന്നേ അവരതിനെ നിഷേധിക്കുകയായിരുന്നു. ഇസ്രാഈല്യരില്‍തന്നെ ചിലരും നിഷേധിച്ചു. ഇന്ന് യഹൂദരില്‍നിന്ന് ആ കഥ കേള്‍ക്കുന്ന നിങ്ങളും അതിനെ നിഷേധിക്കുന്നവരാണ്. ദിവ്യാത്ഭുതങ്ങള്‍ കാണിച്ചതിനാല്‍ ഞങ്ങള്‍ മൂസായില്‍ വിശ്വസിക്കുന്നുവെന്നും അതു കാണിക്കാത്തതിനാല്‍ നിന്നെ നിഷേധിക്കുന്നുവെന്നും അല്ല അവര്‍ നല്‍കുന്ന മറുപടി. പ്രത്യുത രണ്ടും പരസ്പരം പോഷിപ്പിക്കുന്ന രണ്ട് ആഭിചാരമാകുന്നുവെന്നും ഞങ്ങള്‍ എല്ലാറ്റിനെയും നിഷേധിക്കുന്നുവെന്നുമാണ്. ഈ പ്രവാചകന്‍ ദിവ്യാത്ഭുതങ്ങള്‍ കാണിച്ചാലും ഞങ്ങളിയാളെ പ്രവാചകനായി അംഗീകരിക്കാന്‍ പോകുന്നില്ല എന്നു പ്രഖ്യാപിക്കുകയാണവര്‍. അതോടെ എന്തുകൊണ്ട് ദിവ്യാത്ഭുതം കാണിക്കുന്നില്ല എന്ന ചോദ്യം അപ്രസക്തമാവുന്നു. മൂലത്തിലെ سِحْرَانِ -ക്ക് ساحران എന്നും ഒരു പാഠമുണ്ട്. سِحْرَانِ രണ്ട് ആഭിചാരവും ساحران രണ്ട് ആഭിചാരകരുമാണ്. سِحْرَانِ എന്ന പാഠമെടുക്കുമ്പോള്‍ هما ذوا سحر-രണ്ടും ആഭിചാരമുടയവര്‍- എന്നാണ് വിവക്ഷ. രണ്ടു പാഠങ്ങളുടെയും ആശയം ഒന്നുതന്നെയാണ്. അറബി ശൈലിയനുസരിച്ച് ساحر-നു പകരം سحر ഉപയോഗിക്കുമ്പോള്‍ കൊടിയ ആഭിചാരകര്‍ എന്ന് അര്‍ഥം ലഭിക്കും. ഈ സൂക്തത്തിലെ ആദ്യത്തെ قالوا -ന്റെ കര്‍ത്താവ് ഖുറൈശികളാണ്. രണ്ടാമത്തേതിന്റെയും മൂന്നാമത്തേതിന്റെയും കര്‍ത്താവ് ഖുറൈശികളാകാം, മൂസാ നബിയെ നിഷേധിച്ച ജനതയുമാകാം. ഖുറൈശികളാകുമ്പോള്‍ അവരുദ്ദേശിക്കുന്ന രണ്ട് ആഭിചാരകര്‍ മൂസാ(അ) -മുഹമ്മദ്(സ) പ്രവാചകന്മാരാണ്. ഫറവോനികളാകുമ്പോള്‍ ഉദ്ദേശ്യം മൂസായും ഹാറൂനുമാകുന്നു. ■

---

قُلْ فَأْتُوا بِكِتَابٍ مِّنْ عِندِ اللَّهِ هُوَ أَهْدَىٰ مِنْهُمَا أَتَّبِعْهُ إِن كُنتُمْ صَادِقِينَ ﴿٤٩﴾

49. പ്രവാചകന്‍ അവരോടാവശ്യപ്പെടുക: എങ്കില്‍ ഈ രണ്ടു വേദങ്ങളേക്കാള്‍ സന്മാര്‍ഗദര്‍ശകമായ അല്ലാഹുവിങ്കല്‍നിന്നുള്ള മറ്റൊരു വേദം നിങ്ങള്‍ കൊണ്ടുവരിക. ഞാനതിനെ അനുഗമിച്ചുകൊള്ളാം. സത്യവാന്മാരാണെങ്കില്‍ നിങ്ങള്‍ ചെയ്യേണ്ടതതാണ്.

**49**

قُلْ = നീ പറയുക (പ്രവാചകന്‍ അവരോടാവശ്യപ്പെടുക)
فَأْتُوا = അപ്പോള്‍ (അങ്ങനെയാണെങ്കില്‍) നിങ്ങള്‍ കൊണ്ടുവരിക بِكِتَابٍ = (മറ്റു) ഒരു വേദം
مِّنْ عِندِ اللَّهِ = അല്ലാഹുവിങ്കല്‍നിന്നുള്ള هُوَ = അത്
أَهْدَىٰ مِنْهُمَا = അവ രണ്ടിനേ(രണ്ടു വേദങ്ങളേ)ക്കാള്‍ സന്മാര്‍ഗദര്‍ശകമാ(യ)കുന്ന
أَتَّبِعْهُ = ഞാന്‍ അതിനെ അനുഗമിക്കും(മിച്ചുകൊള്ളാം)
إِن كُنتُمْ صَادِقِينَ = നിങ്ങള്‍ സത്യവാന്മാരാണെങ്കില്‍ (ചെയ്യേണ്ടതതാണ്)

മൂസായിലും ഈ ദൈവദൂതനിലും, രണ്ടു പേരും അവതരിപ്പിച്ച വേദത്തിലും വിശ്വസിക്കാൻ അവർ തയാറല്ലെങ്കിൽ പ്രവാചൻ അവരോടാവശ്യപ്പെടണം: എങ്കിൽ ഈ വേദങ്ങളേക്കാൾ സന്മാർഗദർശകമായ മറ്റൊരു വേദം നിങ്ങൾ അല്ലാഹുവിങ്കൽനിന്ന് കൊണ്ടു വന്നു തരിക. അതിനെ പിന്തുടരാൻ ഞാൻ തയാറാണ്. നിഷ്പക്ഷവും നിഷ്കളങ്കവുമായ മനുഷ്യപ്രകൃതിയുടെ താൽപര്യമാണ് സത്യാന്വേഷണം. അന്തരംഗത്ത് സത്യാന്വേഷണ താൽപര്യം ഒട്ടുമില്ലാത്തവർ എല്ലാ മാനവിക നന്മകളിൽനിന്നും മുക്തരാകുന്നു. പ്രകൃതിയുടെ ഈ പ്രചോദനത്തിനു വിധേയനായി ഞാൻ തൗറാത്തിൽ വിശ്വസിക്കുന്നു. അതിലുപരി സന്മാർഗം കാണിക്കുന്ന ഖുർആനിലും വിശ്വസിക്കുന്നു. ഈ രണ്ടു വേദങ്ങളേക്കാളേറെ സന്മാർഗ പാഠങ്ങൾ പഠിപ്പിക്കുന്നതും അല്ലാഹുവിങ്കൽനിന്നുള്ളതുമായ മറ്റൊരു വേദം നിങ്ങൾ കൊണ്ടുവരികയാണെങ്കിൽ അതും അംഗീകരിക്കാൻ ഒരു മടിയുമില്ല. എന്നാൽ നിങ്ങളുടെ നിലപാട് വിചിത്രമാകുന്നു. നിങ്ങൾ തൗറാത്തിനെ അംഗീകരിക്കുന്നില്ല. ഖുർആനിനെയും അംഗീകരിക്കുന്നില്ല. എന്നിട്ട് എന്നെ വിമർശിക്കാൻ വേണ്ടി മാത്രം തൗറാത്തിന്റെ വാഹകൻ കാണിച്ചതുപോലുള്ള അത്ഭുതങ്ങൾ ഞാനെന്തുകൊണ്ട് കാണിക്കുന്നില്ല എന്ന് ചോദിക്കുകയാണ്. മൂസാ(അ)യെ മറയാക്കി സന്മാർഗത്തിൽനിന്ന് ഓടിയൊളിക്കാനുള്ള ഒരു തട്ടിപ്പു മാത്രമാണ് നിങ്ങളുടേത്. നിങ്ങൾക്ക് എന്നിലെന്ന പോലെ മൂസായിലും ഒട്ടും കൂറും വിശ്വാസവുമില്ലെന്ന് എനിക്കറിയാം. അങ്ങനെയല്ലെന്നാണെങ്കിൽ നിങ്ങൾ എന്നെ വെടിഞ്ഞ് മൂസാ(അ)യെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യണം. നിങ്ങൾ സത്യസന്ധരാണെങ്കിൽ അതാണ് ചെയ്യേണ്ടത്.

ഖുർആൻ തൗറാത്തിനെ തള്ളിപ്പറയുന്നില്ല; മറിച്ച് സത്യപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന കാര്യം ശ്രദ്ധേയമാകുന്നു. ഖുർആൻ തള്ളിപ്പറയുന്നത് തൗറാത്തിലെ തിരുത്തലുകളെയും കൂട്ടിച്ചേർക്കലുകളെയും മായ്ച്ചുകളയലുകളെയുമാകുന്നു. ഖുർആനിൽ മാത്രമേ സന്മാർഗപാഠങ്ങളുള്ളൂ എന്നും ഖുർആൻ അവകാശപ്പെടുന്നില്ല. കൂടുതൽ സന്മാർഗദായകവും ആധികാരികവുമായ വേദം എന്നാണത് അവകാശപ്പെടുന്നത്. അതിന്റെ ഒരു ന്യായമിതാണ്: മാനുഷികമായ എല്ലാ ഭേദഗതികൾക്കും അതീതമായി അല്ലാഹുവിനാൽ സംരക്ഷിക്കപ്പെടുന്ന വേദമാണത്. അത് സമഗ്ര മാർഗദർശകവും തൗറാത്ത് നേരത്തേ ആഗമനം പ്രവചിച്ചിട്ടുള്ളതുമായ അന്തിമ ദൈവിക വേദമാണെന്നതുമാകുന്നു രണ്ടാമത്തെ ന്യായം.

■